നമ്പർ സി.എസ്. (1) 8387/2008 സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി : 22-05-2008

## സർക്കുലർ നമ്പർ/38/2008

വിഷയം : സഹകരണ വകുപ്പ് - സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന നീതി സ്റേറാറുകൾ/നീതി മെഡിക്കൽ സ്റേറാറുകൾ - കൺസ്യൂമർ ഫെഡറേഷൻ മുഖേന സാധനങ്ങളും മരുന്നുകളും വാങ്ങുന്നതിന് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

സൂചന : 1) പ്രസിഡന്റ്, കൺസ്യൂമർ ഫെഡറേഷൻ - ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 08-02-08 ലെ നിവേദനം

2) സർക്കുലർ നമ്പർ 9/2001

സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന പല നീതിസ്ററോറുകളും നീതി മെഡിക്കൽ സ്റേറാറുകളും, അവരുടെ പർച്ചേസിന്റെ വളരെ ചെറിയ അളവ് സാധനങ്ങളും, മരുന്നുകളും മാത്രമേ സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ നിന്നും വാങ്ങുന്നുള്ളുവെന്ന് കാണുന്നു. നീതി മെഡിക്കൽ സ്റേറാറുകൾക്ക് ആവശ്യമുള്ള മരുന്നുകൾ കൺസ്യൂമർഫെഡ് വഴി തന്നെ വാങ്ങുന്നതും ഫെഡറേഷനിൽ ലഭ്യമല്ലാത്തവ മാത്രം പ്രാദേശികമായി വാങ്ങുന്നതുമാണ് അഭികാമ്യം. ഈ സാഹചര്യത്തിൽ കൺസ്യൂമർ ഫെഡറേഷന്റെ സേവനം സഹകരണ മേഖലയിൽ കൂടുതൽ ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും അവർക്കാവശ്യമുള്ള സാധനങ്ങളും മരുന്നുകളും, കഴിയുന്നിടത്തോളം കൺസ്യൂമർ ഫെഡറേഷനിൽ നിന്ന് തന്നെ വാങ്ങേണ്ടതാണ്. ഫെഡറേഷനിൽ മരുന്നുകൾ ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ പ്രാദേശികമായി വാങ്ങി വിൽപ്പന നടത്തുന്ന മരുന്നുകൾ ഗുണനിലവാരം ഉള്ളതാണെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രമേ വാങ്ങുവാൻ പാടുള്ളുവെന്നും അറിയിക്കുന്നു.

സഹകരണ സംഘങ്ങൾക്ക് ആവശ്യമായ സാധനങ്ങളും നീതി മെഡിക്കൽ സ്റ്റോറുകൾക്കാവശ്യമായ മരുന്നുകളും ആവശ്യാനുസരണം യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൺസ്യൂമർ ഫെഡറേഷൻ കൈക്കൊള്ളേണ്ടതാണ്.

സഹകരണ സംഘങ്ങൾ കൺസ്യൂമർ ഫെഡറേഷനിൽ നിന്നും സാധനങ്ങളും മരുന്നുകളും വാങ്ങുന്നുണ്ടോയെന്ന് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ്
കെ.വി. സുരേഷ്ബാബു
സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിററ്)

പകർപ്പ്

1. മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ,
   ഗാന്ധിനഗർ, കൊച്ചി - 20
2. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ)
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും (ജനറൽ)
   (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
4. എഡിററർ, സഹകരണ വീഥി, തിരുവനന്തപുരം
5. എഡിററർ, സഹകരണ ജേർണൽ, തിരുവനന്തപുരം
6. സ്റ്റോക്ക് ഫയൽ
7. സ്പെയർ

ആജ്ഞാനുസരണം,

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി